**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4093** **17-03-2025 - ൽ മറുപടിയ്ക്ക്**

**27.10.2022-ന് ശേഷം നിയമനം ലഭിച്ച ഉദ്യോഗസ്ഥന്റെ സീനിയോറിറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | 27.10.2022-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 74/2022/തസ്വഭവ ഗസറ്റിലെ തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ റൂൾ 12(4) ക്ലോസ് വിശദമാക്കാമോ; | (എ) | 27.10.2022 ലെ സ.ഉ (അച്ചടി) നം. 74/2022/ തസ്വഭവ പ്രകാരമുള്ള 2022 ലെ തദ്ദേശ സ്വയംഭരണ വകുപ്പ് സ്റ്റേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങളിലെ ചട്ടം 12 (4)-ൽ "Appointment to various posts included in the integrated service which were notified for appointment by Kerala Public Service Commission prior to integration will be based on the special rules then in force” എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം, ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ തസ്തികകളിൽ വകുപ്പ് ഏകീകരണത്തിനു മുമ്പ് പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനത്തിനായി നോട്ടിഫൈ ചെയ്യപ്പെട്ട സംഗതികളിൽ അന്ന് നിലവിലുണ്ടായിരുന്ന വിശേഷാൽ ചട്ടങ്ങളാണ് ബാധകമാകുക എന്നാണ് വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ളത്. |
| (ബി) | പ്രസ്തുത ക്ലോസ് പ്രകാരം 27.10.2022-ന് ശേഷം പി.എസ്.സി. അഡ്വൈസ് പ്രകാരം നിയമനം ലഭിച്ച ജീവനക്കാരനെ വേക്കൻസി മുൻപ് തന്നെ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന കാരണത്താൽ പഴയ വകുപ്പിലെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്താൻ സാധിക്കുമോ; സാധിക്കുമെങ്കിൽ കാരണം വിശദമാക്കാമോ? | (ബി) | 27.10.2022 ന് ശേഷം സബോർഡിനേറ്റ് സർവ്വീസിലേയ്ക്കോ സ്റ്റേറ്റ് സർവ്വീസിലേയ്ക്കോ ആദ്യമായി നിയമനം ലഭിക്കുന്നവർക്ക് അതത് സംഗതി പോലെ സബോർഡിനേറ്റ് സർവ്വീസിലോ സ്റ്റേറ്റ് സർവ്വീസിലോ തയ്യാറാക്കുന്ന സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ